**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2018** **12-09-2023 - ൽ മറുപടിയ്ക്ക്**

**മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **ഓരോ ജില്ലയിലെയും ഒരു ഗ്രാമപഞ്ചായത്തിനെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മാതൃകാ പഞ്ചായത്തായി തിരഞ്ഞെടുക്കുകയും ഇപ്രകാരം തിരഞ്ഞെടുത്ത ഓരോ പഞ്ചായത്തിലും, പ്രാദേശിക ആവശ്യങ്ങളും പ്രദേശത്തിന്റെ സാധ്യതകളും അടിസ്ഥാനമാക്കി മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ ആവിഷ്കരിച്ചുവരികയും ചെയ്യുന്നു. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ 14 പഞ്ചായത്തുകൾ തിരഞ്ഞെടുത്ത്, ഗ്രാമം ഒന്നിന് 5 ലക്ഷം രൂപ അനുവദിച്ച പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്), ചീഫ് വെറ്ററിനറി ഓഫീസർ എന്നിവർ അടങ്ങുന്ന സമിതി ജില്ലാതലത്തിൽ പദ്ധതിക്ക് അംഗീകാരം നൽകുന്നു. മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ വികസനവും കർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്.** |
| (ബി) | എത്ര ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്; ഇതിനായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | **ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 28 ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേക്കായി 138.724 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ കേന്ദ്രങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതി കൂടുതൽ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**തിരുവനന്തപുരം**

കരകുളം, പോത്തൻകോട് പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**കൊല്ലം**

കുണ്ടറ, കുമ്മിൾ എന്നീ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**പത്തനംതിട്ട**

പള്ളിക്കൽ, മലയാലപ്പുഴ എന്നീ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി **10** ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**ആലപ്പുഴ**

കടക്കരപ്പള്ളി, തണ്ണീർമുക്കം എന്നീ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**കോട്ടയം**

തലനാട്, ഉദയനാപുരം എന്നീ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി **10** ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**ഇടുക്കി**

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 4,50,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ദേവികുളം ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 5,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. മൊത്തം 9.5 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**എറണാകുളം**

പള്ളിപ്പുറം, ആലങ്ങാട് എന്നീ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**തൃശ്ശൂർ**

മാടക്കത്തറ, പാറളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**പാലക്കാട്**

ഷോളയൂർ, പുതുർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**മലപ്പുറം**

ആനക്കയം, പോത്തുകൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**കോഴിക്കോട്**

ചെറുവണ്ണൂർ-മുയിപ്പോത്ത്, മരുതോങ്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 9.755 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**വയനാട്**

തവിഞ്ഞാൽ പഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ₹4,60,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. പുൽപ്പള്ളി പഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ₹5,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. മൊത്തം 9.6 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**കണ്ണൂർ**

ചിറ്റാരിപ്പറമ്പ് പഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 4,86,900/- രൂപ വിനിയോഗിച്ചിട്ടുണ്ട്. അഴീക്കോട് പഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 5,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. മൊത്തം 9.869 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

**കാസറഗോഡ്**

വൊർക്കാടി, കുമ്പഡാജെ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.